"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ സുരേഷ് ബാബു സി, സിവിൽ സർജൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 163/2024 മേലുള്ള 08-04-2024 ലെ ഉത്തരവ് -അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1218/2024/H&FWD **തീയതി,തിരുവനന്തപുരം**, 20-05-2024

---

പരാമർശം:-

1. 17-12-2023 ലെ സ.ഉ (സാധാ) നം. 3316/2023/ആകുവ
2. ഡോ സുരേഷ് ബാബു സി, സിവിൽ സർജൻ 13-01-2024 തീയതിയായി സമർപ്പിച്ച അപേക്ഷ ( Annexure A9)
3. ബഹു.കേരള അഡ്മിസിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 163/24 മേലുള്ള 08-04-2024 ലെ ഉത്തരവ്
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 08-05-2024 ലെ DHS/6923/2024-ER1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഡോ സുരേശൻ കെ കെ, ഡോ സലീമ മുക്തർ മഹൽ എന്നിവരുടെ 30-04-2024 തീയതിയിലെ വിരമിക്കലിനെ തുടർന്ന് യഥാക്രമം കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലും, മലപ്പുറം കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിലും ഉണ്ടാകുന്ന വിരമിക്കൽ ഒഴിവിൽ ഏതിലെങ്കിലും ഒന്നിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ട് ഡോ സുരേഷ് ബാബു സി, സിവിൽ സർജൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA 163/24ഫയൽ ചെയ്തിരുന്നു.

2. പ്രസ്തുത OA യിന്മേലുള്ള പരാമർശം ( 3) ഉത്തരവിൽ പരാമർശം (2) പരിഗണിച്ച് നടപടി സ്വീകരിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് ബഹു.ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു. കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രം അല്ലെങ്കിൽ കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവിടങ്ങളിൽ ഏതിലെങ്കിലും സ്പെഷ്യൽ ഓർഡർ പ്രകാരം സ്ഥലംമാറ്റം നൽകണമെന്നാണ് പരാതിക്കാരൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നത്.

3. 2023 പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് മേലടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും വയനാട് തരിയോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ

സ്ഥലംമാറ്റിയതിനെതിരെ ഡോ സുരേഷ് ബാബു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA 1127/2023 ഫയൽ ചെയ്തിരുന്നു. OA 1127/2023 മേലുള്ള ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടിയാന്റെ അപേക്ഷ പരിശോധിക്കുകയും ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിൽ നിയമനം നൽകുന്നതിന് ഒഴിവ് ഇല്ലാതിരുന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ട് പരാമർശം (1) പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

4. ഡോ ഷീബ എം എം -ന് കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 30-04-2024 ൽ ഡോ സുരേശൻ കെ കെ യുടെ വിരമിക്കൽ ഒഴിവിലേക്ക് പരിഗണിക്കുന്നതിന് OA (EKM) 677/2023 മേലുള്ള OP(KAT) 454/2023 ലെ വിധിന്യായ പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു. ടി ഉത്തരവ് അനുവർത്തനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഡോ ഷീബ എം എം ബഹു.ഹൈക്കോടതി മുൻപാകെ കോടതിയലക്ഷ്യ കേസ് ( Con . Case (C) No. 832/2024) ഫയൽ ചെയ്യുകയും കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിൽ മറ്റാരെയും നിയമിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തണമെന്ന നിർദ്ദേശത്തോടെ ബഹു.ഹൈക്കോടതി ടി കേസ് തീർപ്പാക്കുകയും ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ ഷീബ എം എം -നെ കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 30-04-2024 ൽ ഡോ സുരേശൻ കെ കെ യുടെ വിരമിക്കൽ ഒഴിവിലേക്ക് പരിഗണിക്കണമെന്നുള്ള OA (EKM) 677/2023 മേലുള്ള OP(KAT) 454/2023 ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെയും കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിൽ മറ്റാരെയും നിയമിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തണമെന്ന Con . Case (C) No. 832/2024 മേലുള്ള ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 01-05-2024 ൽ നിലവിൽ വന്ന ഡോ സുരേശൻ കെ കെ, സിവിൽ സർജന്റെ വിരമിക്കൽ ഒഴിവിലേക്ക് ഡോ ഷീബ എം എം നെ പരിഗണിച്ച് ഇലക്ഷൻ പെരുമാറ്റച്ചട്ടം പിൻവലിക്കുന്ന മുറക്ക് നിയമനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2024 -ലെ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്പെഷ്യൽ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകുന്നത് അഭികാമ്യമല്ലെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ഡോ സുരേഷ് ബാബു പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ (Annexure A9) നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ സുരേഷ് ബാബു സി. സിവിൽ സർജൻ. സാമൂഹികാരോഗ്യ കേന്ദ്രം, തരിയോട്, വയനാട്-673112
കരുതൽ ഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 27-05-2024 11:43:05

മേലെഴുത്ത് കത്ത് നമ്പർ. ഇ.ആർ.1-6923/2024/ആ.വ.ഡ.
തീ. 13/06/2024.

ഒ.എ. 168/2024 അനുവർത്തന ഉത്തരവ് അറിവിലേയ്ക്കും അനന്തര നടപടിക്കായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി,